# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 4267

25.06.2014 ലെ മറുപടിക്ക്

**'കിറ്റ്സിനെ മികവിന്റെ കേന്ദ്രമാക്കാൻ നടപടി'**

**ചോദ്യം**

ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

**ഉത്തരം**

ശ്രീ. എ.പി.അനിൽകുമാർ
(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) വിനോദസഞ്ചാരത്തിന്റെ നിലനില്പിന് ഗുണമേന്മയുള്ള മാനവ വിഭവശേഷി എത്രത്തോളം അത്യന്താപേക്ഷിതമാണ് ; വിശദാംശങ്ങൾ നല്കാമോ ?

ബി) പ്രസ്തുത മേഖലയുടെ വികസനം ഉറപ്പുവരുത്തുന്നതിന് ടൂറിസം വകുപ്പിന്റെ സംഭാവനകൾ എന്തെല്ലാമാണ് ; ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ ലക്ഷ്യം മുൻനിറുത്തി പ്രവർത്തിക്കുന്നത് ; വ്യക്തമാക്കുമോ ;

എ) യും ബി) യും വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് ഗുണമേന്മയുള്ള മാനവവിഭവശേഷി പ്രധാന ഘടകമാണ്. ടൂറിസം മേഖലയിൽ മാനവവിഭവശേഷി വികസനത്തിന്റെ ഭാഗമായി ടൂറിസത്തിൽ എം.ബി.എ. പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ടൂറിസം ആന്റ് പബ്ലിക് റിലേഷൻസ് മാനേജ്മെന്റ്, ലോജിസ്റ്റിക് മാനേജ്മെന്റ്, എയർപോർട്ട് ഓപ്പറേഷൻസ് എന്നിവയിൽ ഡിപ്ലോമയും, അയാട്ടയുടെ സർട്ടിഫിക്കേഷൻ കോഴ്സുകളും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) നടത്തിവരുന്നു. ഈ രംഗത്ത് കൺസൾട്ടൻസിയും ഗവേഷണവും കിറ്റ്സ് നടത്തുന്നുണ്ട്.

ഹോസ്പിറ്റാലിറ്റി മേഖലയ്ക്ക് ആവശ്യമുള്ള വിദഗ്ധ തൊഴിലാളികളെ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഹുണാർ-സേ-റോസ്ഗാർ പദ്ധതി നടപ്പാക്കിവരുന്നു. ഇതനുസരിച്ച് ഫുഡ്പ്രൊഡക്ഷൻ, ഹൗസ്കീപ്പിംഗ്, ഫുഡ് ആന്റ് ബിവറേജ് സർവീസ് എന്നീ മേഖലകളിലേക്ക് വേണ്ട പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. ട്രാവൽ ടൂർ ഓപ്പറേഷൻ മേഖലയിൽ ടൂർ കൺസൾട്ടൻസി, ട്രാവൽ കൺസൾട്ടൻസി, നാച്ച്വുറലിസ്റ്റ്, സ്മരണിക നിർമ്മാണം തുടങ്ങിയ മേഖലകളിൽ സൗജന്യ തൊഴിൽ

(..........2)

വൈദഗ്ധ്യ പരിശീലനപരിപാടിയും നടപ്പിലാക്കിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾ, അദ്ധ്യാപകർ തുടങ്ങിയവർക്കും വിവിധ പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. ഹോസ്പിറ്റാലിറ്റി മേഖലയ്ക്ക് ആവശ്യമുള്ള വിദഗ്ധ മാനവശേഷി തയ്യാറാക്കുന്നതിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റും സർട്ടിഫിക്കറ്റ്/ഡിഗ്രി കോഴ്സുകൾ നടത്തി വരുന്നു.

സി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽസ് സ്റ്റഡീസിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനും യു.എൻ.ഡബ്ല്യൂ.റ്റി.ഒ. പോലുള്ള അന്താരാഷ്ട്ര സംഘടനകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് സൗകര്യമൊരുക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

സി) കിറ്റ്സ് യു.എൻ.ഡബ്ല്യൂ.റ്റി.ഒ.യുടെ അഫിലിയേറ്റഡ് അംഗവും, നോളഡ്ജ് നെറ്റ്‌വർക്കിൽ അംഗവും ആണ്. യു.എൻ.ഡബ്ല്യൂ.റ്റി.ഒ.യുടെ ഏഷ്യ-പെസഫിക് മേഖലയിലെ അഫിലിയേറ്റഡ് അംഗങ്ങളുടെ വൈസ് പ്രസിഡന്റായും കിറ്റ്സിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇന്റർനാഷണൽ ഇക്കോ ടൂറിസം സൊസൈറ്റിയിൽ അംഗമായ കിറ്റ്സിന്റെ കീഴിൽ സെന്റർ ഫോർ ഇക്കോടൂറിസം പ്രവർത്തനങ്ങൾ ശക്തി-പ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. അന്താരാഷ്ട്രതലത്തിൽ ഉത്തരവാദിത്ത ടൂറിസം, ഇക്കോടൂറിസം തുടങ്ങിയ മേഖലകൾക്ക് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് ശില്പശാലകൾ, പരിശീലനങ്ങൾ എന്നിവ നടത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള പരിശീലന കേന്ദ്രം കിറ്റ്സിന്റെ കാമ്പസിൽ ഈ വർഷം നിർമ്മിക്കുന്നതിനും പരിപാടിയുണ്ട്.

സെക്ഷൻ ഓഫീസർ